(ഡി) റവന്യൂ വകുപ്പിന്റെ അനുമതി ആവശ്യമാണ്. കാരണം പട്ടയം നൽകുന്നത് അതാത് വില്ലേജ് ആഫീസർമാരാണ്. കൂടാതെ ഏത് വകുപ്പിന്റെ ഭൂമിയിലാണോ വൃക്ഷത്തൈ നടപ്പിലാക്കുന്നത് ആ വകുപ്പിന്റെ അനുമതി വേണം.

സർക്കാർ ഉത്തരവ് എംഎസ്. നമ്പർ 25/95/വനം. തീയതി 20-6-1995 പ്രകാരം ഇതിനുള്ള ഉത്തരവ് ഇറക്കിയിട്ടുണ്ട്. ആയതിന്റെ കോപ്പി അനുബന്ധമായി വച്ചിരിക്കുന്നു. †

അട്ടപ്പാടി മേഖലയിലെ, വിഷലിപ്തമായ നീരുറവകൾ

*7 [157] *ശ്രീ. പി. ടി. തോമസ്:*
,, ബി. വിജയകുമാർ:
,, കെ. മുഹമ്മദാലി:
,, വി. ജെ. പൗലോസ്:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി വനപ്രദേശത്ത് കഞ്ചാവ് കൃഷിയുമായി ബന്ധപ്പെട്ട് എൻഡോസൾഫാനും അതുപോലുള്ള അപകടകരമായ കീടനാശിനികളും തളിക്കുന്നുണ്ടോ;

(ബി) ഇതുമൂലം നീരുറവകൾ വിഷലിപ്തമായിട്ടുണ്ടോ?

ഉത്തരം

(എ) & (ബി) അട്ടപ്പാടി വനപ്രദേശത്ത് കഞ്ചാവ് കൃഷിയുമായി ബന്ധപ്പെട്ട് എൻഡോസൾഫാൻ മുതലായ കീടനാശിനികൾ തളിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മയക്കുമരുന്ന് കടത്തുമായി ബന്ധപ്പെട്ട് സർക്കാർ എടുത്ത കേസ്സുകൾ

8 [158] ശ്രീ. റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെറോയിൻ ഉൾപ്പെടെയുള്ള മയക്കുമരുന്ന് കള്ളക്കടത്തുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര കേസ്സുകൾ പിടിച്ചിട്ടുണ്ടെന്നും;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly